തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Divya S Iyer IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-- മല്ലപ്പള്ളി ഗ്രാമപഞ്ചായത്തിൽ ഹെഡ് ക്ലർക്ക്/അക്കൌണ്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷിബു തോമസിനെ സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/23424/2026-GEA3>തീയതി:13-08-2026

പരാമർശം:

1) പത്തനം തിട്ട ജില്ലാ ജോയിൻറ് ഡയറക്ടറുടെ 30.06.2026 തീയതിയിലെ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 27/07/2022 തീയതിയിലെ PAN/6042/2022-E3(DP) നമ്പർ ഉത്തരവ്.
3) പ്രിൻസിപ്പൽ ഡയറക്ടറുടെ 23.06.2026 തീയതിയിലെ LSGD/PD/46723/2023-GEA5 നമ്പർ ഉത്തരവ്.
4) 25/07/2026 തീയതിയിലെ LSGD/PD/2876341/2023-GEA3 നമ്പർ ഉത്തരവ്.

ഉത്തരവ്

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിൻറെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ ഷിബു തോമസിനെ(നിലവിൽ മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്) പരാമർശം (3) സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ ജോയിൻറ് ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ ഷിബു തോമസിന് 26.07.2021 തീയതിയിൽ ഹെഡ് ക്ലർക്ക്/അക്കൌണ്ടന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും പരാമർശം (2) പ്രകാരം 01.01.2021 മുതൽ 31.12.2021 വരെ ഹെഡ് ക്ലർക്ക്/അക്കൗണ്ടൻറ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭ്യമായവരുടെ സീനിയോറിറ്റി പട്ടികയിൽ ക്രമനമ്പർ 160/2021 ആയി ഉൾപ്പെട്ടിട്ടുള്ളതുമാണ്. എന്നാൽ 01.06.2026 അടിസ്ഥാനമാക്കി തയ്യാറാക്കിയ ഹെഡ് ക്ലർക്ക്/ അക്കൗണ്ടൻറുമാരുടെ പരാമർശം (3) പ്രകാരമുള്ള സീനിയോറിറ്റി പട്ടികയിൽ ടിയാളുടെ പേര് ഉൾപ്പെട്ടിട്ടില്ല എന്ന് രേഖകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ശ്രീ ഷിബു തോമസിനെ ടിയാളുടെ ഫീഡർ കാറ്റഗറിയുടെ അടിസ്ഥാനത്തിൽ പരാമർശം (3) സീനിയോറിറ്റി പട്ടികയിൽ ക്രമ നമ്പർ 645- ശ്രീ ഷിബു ഗോപിനാഥ് എന്നയാളുടെയും ക്രമനമ്പർ 646-ശ്രീമതി ജീജ.വി എന്നയാളുടെയും ഇടയിൽ 645A ആയി ഉൾപ്പെടുത്തി സീനിയോറിറ്റി പുനർക്രമീകരിച്ച് പരാമർശം (4) പ്രകാരം കരട് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. ടി കരട് പ്രസിദ്ധീകരിച്ചതിൽ ആക്ഷേപങ്ങളൊന്നും തന്നെ ലഭ്യമായിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരമുള്ള ഹെഡ് ക്ലർക്ക്/അക്കൗണ്ടൻറ് തസ്തികയിലെ സംസ്ഥാന തല സീനിയോറിറ്റി പട്ടികയിൽ ശ്രീ ഷിബു തോമസിനെ ക്രമ നമ്പർ 645-

ശ്രീ ഷിബു ഗോപിനാഥ് എന്നയാളുടെയും ക്രമനമ്പർ- 646 ശ്രീമതി ജീജ.വി എന്നയാളുടെയും ഇടയിൽ 645A ആയി ഉൾപ്പെടുത്തി സീനിയോരിറ്റി പട്ടിക പുനർക്രമീകരിച്ച് ഉത്തരവാകുന്നു.

Dr. Divya S Iyer IAS
PRINCIPAL DIRECTOR

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിൻറ് ഡയറക്ടർമാർക്കും
2. സെക്രട്ടറി, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത് (ജോയിൻറ് ഡയറക്ടർ മുഖേന)
3. വ്യക്തിക്ക് (ബന്ധപ്പെട്ട ഓഫീസ് മേധാവി മുഖേന)
4. പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ DEB സെക്ഷൻ
5. സിസ്റ്റം സൂപ്പർവൈസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Digitally signed by
DIVYA S IYER
Date: 13-08-2026
17:28:05